## നേർക്കാഴ്ച പദ്ധതിയിൽ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ

- ചിത്രത്തിന്റെ പരമാവധി സൈസ് – 512kb മാത്രം
- സ്‌കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്യുന്ന് ഏതൊരു ചിത്രത്തിനും സ്‌കൂൾകോഡ്–(സ്‌കൂൾകോഡ് ഹൈഫൺ) എന്നു തുടങ്ങുന്ന പേര് മാത്രം നൽകുക. (ഉദാഹരണം:16041–newbuilding.jpg)
- നേർക്കാഴ്ച പദ്ധതിയുടെ ഭാഗമായി അപ്‌ലോഡ് ചെയ്യുന്ന ചിത്രങ്ങൾക്ക് Nerkazhcha എന്ന വർഗ്ഗം (category) ചേർക്കണം.
- ഒന്നിലധികം ചിത്രങ്ങളും മറ്റ് ഫയലുകളും അപ്‌ലോഡ്ചെയ്യാൻ സ്‌കൂൾവിക്കിയിലെ ***അപ്‌ലോഡ് വിസാർഡ്*** ഉപയോഗിക്കുന്നതാണ് നല്ലത്. സ്‌കൂൾവിക്കി സൈഡ് പാനലിലെ ഉപകരണങ്ങൾ എന്ന വിഭാഗത്തിലെ അപ്‌ലോഡ് എന്ന ലിങ്കിലാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. (ഉപകരണശേഖരം എന്ന വിഭാഗത്തിലെ അപ്‌ലോഡ് അല്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുക.)




  - അപ്‌ലോഡ് സഹായി ചിത്രത്തിൽ ശരി ചിഹ്നമിട്ട് സൂചിപ്പിച്ചിരിക്കുന്നു.
  - അഞ്ചു ഘട്ടങ്ങളിലൂടെയാണ് അപ്‌ലോഡ് സഹായി വഴിയുള്ള ഫയൽ അപ്‌ലോഡിംഗ് പൂർണ്ണമാകുന്നത്.
    - അറിയുക
    - അപ്‌ലോഡ്
    - അവകാശങ്ങൾ സ്വതന്ത്രമാക്കുക
    - വിവരിക്കുക
    - ഉപയോഗിക്കുക.

- അപ്‌ലോഡ് സഹായിയിലെ ***വിവരിക്കുക*** എന്ന ഘട്ടത്തിൽ ശീർഷകം, വിവരണം, സൃഷ്ടിച്ച തീയതി, വർഗ്ഗങ്ങൾ എന്നിവ ചേർക്കാനുള്ള ഓപ്ഷൻ ലഭ്യമാകും. വർഗ്ഗങ്ങൾ എന്ന ടെക്സ്റ്റ് ബോക്സിൽ *Nerkazhcha* എന്ന് ടൈപ്പ് ചെയ്ത് ചേർക്കുക. ടൈപ്പ് ചെയ്ത് തുടങ്ങുമ്പോൾ തന്നെ ടൈപ്പ് ചെയ്യുന്ന അക്ഷരങ്ങളിൽ തുടങ്ങുന്ന വർഗ്ഗങ്ങൾ ലോഡ് ചെയ്തു വരുന്നതാണ്. ഇതിൽ ക്ലിക്ക് ചെയ്ത് സെലക്ട് ചെയ്താൽ മതിയാകും. വർഗ്ഗം ചേർക്കുമ്പോൾ അക്ഷരത്തെറ്റില്ലാതിരിക്കാൻ ശ്രദ്ധിക്കുക. ശരിയായ വർഗ്ഗങ്ങൾ നീലനിറത്തിൽ കാണപ്പെടും.
- അപ്‌ലോഡ് ചെയ്ത ചിത്രങ്ങൾ അതത് സ്‌കൂൾ താളിൽ നേർക്കാഴ്ച എന്ന തലക്കെട്ടിന് താഴെ പ്രദർശിപ്പിക്കേണ്ടതാണ്. എന്നാൽ കൂടുതൽ ചിത്രങ്ങൾ ഉണ്ടെങ്കിൽ അവ പ്രധാന താളിൽ പ്രദർശിപ്പിക്കുന്നതിനു പകരം ***നേർക്കാഴ്ച എന്ന ഉപതാളിലാണ്*** പ്രദർശിപ്പിക്കേണ്ടത്.
- **പാഠ്യേതരപ്രവർത്തനങ്ങൾ** എന്ന തലക്കെട്ടിനു കീഴെയാണ് ഈ ഉപതാളിലേക്കുള്ള ലിങ്ക് നൽകേണ്ടത്.
  - ഇതിനായി, പാഠ്യേതരപ്രവർത്തനങ്ങൾ എന്ന തലക്കെട്ടിനു നേരെയുള്ള തിരുത്തുക എന്ന വാക്കിൽ ക്ലിക്ക് ചെയ്യുക.



- തുറന്നുവരുന്ന ജാലകത്തിൽ ചുവടെയുള്ള കോഡ് പകർത്തി ഏറ്റവും അവസാനത്തെ വരിയായി ചേർക്കുക.

*[[{{PAGENAME}}/നേർക്കാഴ്ച|നേർക്കാഴ്ച]]




- താൾ സേവ് ചെയ്യുക.




ഇപ്പോൾ പാഠ്യേതരപ്രവർത്തനങ്ങൾ എന്ന തലക്കെട്ടിനുതാഴെ നേർക്കാഴ്ച എന്ന ചുവന്നനിറത്തിലുള്ള ലിങ്ക് പ്രത്യക്ഷപ്പെട്ടിരിക്കുന്നത് കാണാം. ഈ ലിങ്കിൽ ക്ലിക്ക് ചെയ്താൽ സ്കൂൾതാൾ/നേർക്കാഴ്ച (ഉദാ – ജിയുപി സ്കൂൾ കോഴിക്കോട്/നേർക്കാഴ്ച) എന്ന പേരിൽ പുതിയ താൾ സൃഷ്ടിക്കാനുള്ള ജാലകം തുറന്നുവരും.

നേർക്കാഴ്ച എന്ന താളിൽ ചിത്രങ്ങൾ ഒരു ഗ്യാലറിയായിട്ടാണ് ചേർക്കേണ്ടത്. ഇതിനായി അപ് ലോഡ് ചെയ്ത ചിത്രത്തിന്റെ പേരുകൾ ഇനി പറയുന്ന മാതൃകയിൽ ചേർക്കുക.
**file:name of picture.jpg|name of student class.** ഉദാ: file:16041-studentwork1.jpg|Sooryadev -8A (file: എന്നതിനു പകരം ***പ്രമാണം:*** എന്നായാലും മതി പ്രമാണം:16041-studentwork1.jpg|Sooryadev -8A)

- <gallery mode="packed"> </gallery> എന്നീ html ടാഗുകൾക്കിടയിലാണ് ചിത്രങ്ങളുടെ പേര് നൽകേണ്ടത്.

**മാതൃക**
<gallery mode="packed">
file:16041-studentwork1.jpg|Sooryadev -8A
file:16041-studentwork2.jpg|Fathima -9B
പ്രമാണം:16041-studentwork3.jpg|Suresh - 5A
</gallery>





വിക്കിഎഴുത്ത്
എങ്ങനെയുണ്ടെന്നു കാണുക
മാറ്റങ്ങൾ
പ്രസിദ്ധീകരിക്കുക
റദ്ദാക്കുക
4.A
1A




ഗവ. യു. പി. എസ്. / നേർക്കാഴ്ച
< ഗവ. യു. പി. എസ്.
Nivedha v.s
UkG